പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1839 17-03-2016-ൽ മറുപടിയ്ക്ക്

# അന്യസംസ്ഥാനക്കാരുടെ മയക്കുമരുന്ന് കടത്ത്

ചോദ്യം :

ഉത്തരം :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിലേയ്ക്ക് വ്യാപകമായ തോതിൽ ലഹരി വസ്തുക്കളും മയക്കുമരുന്നുകളും കടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് അന്യസംസ്ഥാനങ്ങളിലുള്ള എത്ര പേർ ഇത്തരം സംഭവങ്ങളിൽപ്പെട്ട് പിടിയിലായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് അന്യ സംസ്ഥാനങ്ങളിലുള്ള 220 പേർ ഇത്തരം സംഭവങ്ങളിൽപ്പെട്ട് എക്സൈസ് വകുപ്പിന്റെ പിടിയിലായിട്ടുണ്ട്. |
| (സി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരെ നിരീക്ഷിക്കാനും ഇവരുടെ വാസസ്ഥലങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുവാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | കഞ്ചാവിൻെറയും മരുന്ന് രൂപത്തിലുള്ള മറ്റ് ലഹരി വസ്തുക്കളുടെയും വിൽപ്പന തടയുന്നതിന് റെയ്ഡുകളും വാഹന പരിശോധനയും കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കഞ്ചാവിൻെറയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വില്പന എന്നിവ തടയുന്നതിന് സംസ്ഥാന |

| | | | |
|---|---|---|---|
| | | | അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷൻ, പാഴ്സൽ സർവ്വീസ്, ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നതും വടക്കു - കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും അന്യസംസ്ഥാന തൊഴിലാളികൾ മയക്കു മരുന്നുകൾ ഉപയോഗിക്കുന്നതും കടത്തിക്കൊണ്ടുവരുന്നതും തടയുന്നതിനും വേണ്ടി ടി ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലും ജോലിചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ